## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് - ആസ്തി വികസന പദ്ധതി - (എൽ.എ.സി-എ.ഡി.എസ്) - പാലക്കാട് ജില്ലയിലെ തരൂർ നിയോജകമണ്ഡലത്തിലെ തരൂർ ഗ്രാമപഞ്ചായത്തിൽ വടക്കേമുറി അംഗനവാടിയ്ക്കും വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ തെക്കേത്തറ അംഗനവാടിയ്ക്കും പുതിയ കെട്ടിടം നിർമ്മിക്കുന്നത്- ഭരണാനുമതി നൽകി- ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ) നം.786/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,25/02/2016.**

പരാമർശം : 1) സഉ(അച്ചടി) 332/2012/ധന തീയതി. 11/06/2012.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 26/11/2015 ലെ ഡി.ബി.3/8831/15/2015/തസ്വഭവ നമ്പർ കത്ത്

### ഉത്തരവ്

പാലക്കാട് ജില്ലയിലെ തരൂർ നിയോജകമണ്ഡലത്തിലെ ശ്രീ.എ. കെ ബാലൻ എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൻകീഴിൽ തരൂർ നിയോജകമണ്ഡലത്തിലെ തരൂർ ഗ്രാമപഞ്ചായത്തിൽ വടക്കേമുറി അംഗനവാടിയ്ക്കും വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ തെക്കേത്തറ അംഗനവാടിയ്ക്കും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി പരാമർശം 2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയർ. 10 ലക്ഷം രൂപാ വീതമുള്ള രണ്ട് എസ്റ്റിമേറ്റുകൾ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും departmental formalities ഉം പാലിച്ചുകൊണ്ട് പാലക്കാട് ജില്ലയിലെ തരൂർ നിയോജകമണ്ഡലത്തിലെ ശ്രീ.എ. കെ ബാലൻ എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൻകീഴിൽ തരൂർ നിയോജകമണ്ഡലത്തിലെ തരൂർ ഗ്രാമപഞ്ചായത്തിൽ വടക്കേമുറി അംഗനവാടിയ്ക്കും വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ തെക്കേത്തറ അംഗനവാടിയ്ക്കും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഓരോ അംഗൻവാടിയ്ക്കും 10 ലക്ഷം രൂപ വീതം ആകെ ഇരുപത് ലക്ഷം രൂപ (രൂപ ഇരുപത് ലക്ഷം മാത്രം) ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 4515-00-800 96 projects under LAC-ADS എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൻ.നന്ദകുമാർ**

**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. എ കെ ബാലൻ ,എം.എൽ.എ ,തരൂർ നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എൻജിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത്.ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ഡയറക്ടർ. ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
സെക്രട്ടറി.തരൂർ/ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തുകൾ, പാലക്കാട് .
ധനകാര്യ വകുപ്പ് (യു.ഒ.നം. 8382/എൻ.സി.സി.2/2016/ധന തീയതി,08/02/2016.)
ഡയറക്ടർ. ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നം ഇ-526/ഇപിഎ 3/2016.)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ